പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6596 — 01.11.2011- ൽ മറുപടിക്ക്

## കയർ കമ്മീഷൻ

| ചോദ്യം<br><br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി |
| --- | --- |
| (എ) കയർ വ്യവസായവുമായി ബന്ധപ്പെട്ട് സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ ;<br><br>: | (എ) ഈ സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടില്ല. എന്നാൽ കയർ മേഖലയുടെ പുന:സംഘടനയ്ക്കായി 18/7/2007 ലെ ജി.ഒ(എം എസ്) നം.99/2007/വ്യവ പ്രകാരം കയർ കമ്മീഷൻ രൂപീകരിച്ചിരുന്നു. |
| (ബി) എങ്കിൽ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ ; | (ബി) സമർപ്പിച്ചിട്ടുണ്ട്. |
| (സി) എന്തെല്ലാം ശുപാർശകളാണ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുതെന്ന് വെളിപ്പെടുത്തുമോ; | (സി) കയർ കമ്മീഷൻ നൽകിയ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.<br><br>❖ തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ കമ്മറ്റികൾ /തൊണ്ട് സംഭരണ സംഘങ്ങൾ /കൺസോർഷ്യം രൂപീകരിക്കുകയും ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ ഇൻസെന്റീവ് /സബ്സിഡി നൽകുക.<br><br>❖ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയതായി 100 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുക. ഡീഫൈബറിംഗ് മില്ലുകൾക്ക് 50% വൈദ്യുതി സബ്സിഡി നൽകുക. പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തന ക്ഷമമാക്കുക. ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക. |

- സഹകരണ സംഘങ്ങൾ പുനഃ സംഘടിപ്പിക്കുക. പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദുചെയ്യുക, സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് മടക്കി നൽകുക. സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി എന്നിവയിലേയ്ക്ക് ധനസഹായം

സർക്കാർ നൽകണം. കയർ സംഘങ്ങളുടെ ആഡിറ്റ് കയർ വികസന വകുപ്പിന് നൽകുക.

- ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുക.
- വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തുക.
- അനുപം ലൂം അനുഗ്രഹ ലൂം എന്നീ ഉൽപ്പാദന ക്ഷമത കൂടിയ ലൂമുകൾ സ്ഥാപിക്കുക. ഇവയ്ക്ക് ആവശ്യമായ ഗ്രാന്റുകൾ സർക്കാർ നൽകുക.
- അസംസ്കൃത സാധന ബാങ്ക് സ്ഥാപിക്കുക
- കയർ പിരി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തി തൊഴിലാളികൾക്ക് വേണ്ടി കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.
- കയർതൊഴിലാളികളെയെല്ലാം ഇ എസ് ഐ പരിധിയിൽ കൊണ്ടുവരിക. തൊഴിലാളികൾക്ക് മുഴുവനും ഇൻഷ്വറൻസ് പരിരക്ഷ നൽകുക.

പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കയർ മേഖലയിൽ സഹായം നൽകുന്നതിനുള്ള വ്യവസ്ഥ ഡിസാസ്റ്റർ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുക.

- റിമോട്ട് പദ്ധതിയിൽ കയർ സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ കയർ ബോർഡിനോട് ശുപാർശ ചെയ്യുക.

- ❖ കയർമേഖലയിലെ പദ്ധതികൾ ഏറ്റെടുത്തുനടത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാനങ്ങൾക്ക് അനുമതി നൽകുക.
- ❖ കയർ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്ന ചുമതലയല്ലാതെ മറ്റ് ചുമതലകളൊന്നും മേലിൽ കയർഫെഡ് ഏറ്റെടുക്കരുത്. കയർഫെഡിന്റെ മുഴുവൻ ശ്രദ്ധയും മാർക്കറ്റിംഗിൽ കേന്ദ്രീകരിക്കണം.
- ❖ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുക. വേഗത്തിൽ കായ്ഫലം തരുന്നതും അധികം പൊക്കമില്ലാത്തതുമായ തെങ്ങിൻ തൈകൾ വ്യാപകമായി വച്ച് പിടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.
- ❖ ചെറുകിട ഉൽപ്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾക്ക് സർക്കാർ നിർദ്ദേശം നൽകുക.
- ❖ ചെറുകിട ഉൽപ്പാദകർക്കായി കടാശ്വാസം ഏർപ്പെടുത്തുക. അവർക്ക് കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പ നൽകാനുള്ള നടപടി സ്വീകരിക്കുക.
- ❖ ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുക. കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തുക. കയർ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പോളിടെക്നിക്കുകൾ, ഐ ടി ഐ കൾ എന്നിവയിൽ ഉൾപ്പെടുത്തുക.
- ❖ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.
- ❖ കയർ വികസന വകുപ്പ് വ്യവസായ വകുപ്പിൽ നിന്നും മാറ്റി പ്രത്യേക

| | |
|---|---|
| | ❖ സ്വതന്ത്ര വകുപ്പ് ആക്കുക. കയർ വികസന ഡയറക്ടറേറ്റ്, കയർ പ്രോജക്ട് ഓഫീസുകൾ, കയർ ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവയെ കയർ മേഖലയുടെ ഫെസിലിറ്റേറ്റർ റോളിലേയ്ക്ക് മാറ്റിയെടുക്കണം.<br>❖ വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുക.<br>❖ കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>❖ കയർ ഉൽപ്പന്നങ്ങൾ പുതിയ ഡിസൈനിലും പാറ്റേണിലും വികസിപ്പിക്കുക. വൈവിധ്യവൽക്കരണത്തിനുള്ള നടപടി സ്വീകരിക്കുക.<br>❖ കയർമേഖലയ്ക്ക് ആവശ്യമായ പുതിയ ഫാക്ടറി സ്ഥാപിക്കുക.<br>❖ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിക്കുക.<br>❖ കയർ തൊഴിലാളിയ്ക്ക് തൊഴിൽ മാന്യത ഉറപ്പുവരുത്തുക. |
| (ഡി) ഏതെല്ലാം ശുപാർശകളാണ് നടപ്പിലാക്കുകയെന്ന് വെളിപ്പെടുത്തുമോ; | (ഡി) കയർ കമ്മീഷൻ ശുപാർശ പ്രകാരം 2009-10 വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• തൊണ്ട് സംഭരണ പദ്ധതി പ്രകാരം 36 കൺസോർഷ്യങ്ങൾ ആരംഭിച്ച് അവയ്ക്ക് 5 ലക്ഷം രൂപ വീതം പ്രവർത്തന മൂലധനം നൽകി<br>• ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയതായി ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിലേക്കായി ധനസഹായം |

| | |
|---|---|
| | അനുവദിച്ചു. പ്രവർത്തന രഹിതമായ 29 ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനായി ധനസഹായം അനുവദിച്ചു<br>• ചകിരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിട്യൂട്ട് വികസിപ്പിച്ചെടുത്ത ചെറിയ തരത്തിലുള്ള ഡീഫൈബറിംഗ് മെഷീനുകൾ വികസിപ്പിച്ച് കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും, സ്വകാര്യ സംരംഭകർക്ക് സബ്സിഡി നിരക്കിലും അനുവദിച്ചുവരുന്നു.<br>• സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് ഷെയർ മടക്കി നൽകി. സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി എന്നിവയിലേയ്ക്ക് ധനഹായം നൽകി<br>• വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തി<br>• കയർ പിരി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>• കയർ സഹകരണ സംഘങ്ങൾക്കും ചെറുകിട ഉല്പാദകർക്കും കടാശ്വാസ പദ്ധതി ഏർപ്പെടുത്തി.<br>• ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തി. കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തി.<br>• കയർഫെഡ് പുനരുദ്ധാരണം അംഗീകരിച്ചു, കയർഫെഡിന് പ്രത്യേക യാൺ ഡിവിഷൻ രൂപീകരിച്ചു<br>• ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പസിറ്റ് ബോർഡ് ഫാക്ടറി, കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പി വി സി ടഫ്റ്റഡ് ഫാക്ടറി, കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ പദ്ധതി |

| | |
|---|---|
| | തുടങ്ങി വൈവിധ്യവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു.<br>• കയർമേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു<br>• സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിച്ചു.<br>• വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സ്പെഷ്യൽ ആഫീസറെ നിയമിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു |
| (ഇ)ഇത് എന്ന് നടപ്പിലാക്കുമെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ? | (ഇ) 2009-10 മുതൽ അതാത് വർഷത്തെ ബഡ്ജറ്റുകളിൽ തുക വകയിരുത്തി പദ്ധതി നടപ്പാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ